# Desabhimani
# 28 August 2018
# Thiruvananthapuram; Proud Work, Police, CM

## പൊലീസിന്റേത് അഭിമാനാർഹമായ പ്രവർത്തനം: മുഖ്യമന്ത്രി

**തിരുവനന്തപുരം**

പ്രളയം നേരിടുന്നതിൽ പൊലീസ് കാണിച്ച ശുഷ്കാന്തിയും സേവനസന്നദ്ധതയും അഭിമാനകരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പുനരധിവാസപ്രവർത്തനങ്ങൾ സംബന്ധിച്ച് പൊലീസ് ആസ്ഥാനത്ത് ജില്ലാ പൊലീസ് മേധാവി മുതൽ ഉന്നത ഉദ്യോഗസ്ഥർ വരെയുള്ളവരുമായി നടത്തിയ വീഡിയോ കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

പൊലീസും ഫയർഫോഴ്സും എക്സൈസ് വകുപ്പും പ്രത്യേക രീതിയിൽ ജയിൽ വകുപ്പുമെല്ലാം മികച്ച രീതിയിൽ പ്രവർത്തിച്ചു. സൈനിക വിഭാഗങ്ങളുടെ പങ്കിനെപ്പോലെ ഉയർന്ന് നിൽക്കുന്നതാണ് പൊലീസിന്റെ രക്ഷാദൗത്യം. പ്രളയബാധിത പ്രദേശങ്ങളിൽ പൊതുചുമതല കലക്ടർമാർക്കായിരുന്നെങ്കിലും രക്ഷാപ്രവർത്തനത്തിന്റെ ചുമതല പൊലീസിനായിരുന്നു. ആ ചുമതല മികച്ച രീതിയിൽ നിർവഹിച്ചു.

കമ്മ്യൂണിക്കേഷൻ ശൃംഖല തകരാറിലായപ്പോൾ വാർത്താവിനിമയം പുനഃസ്ഥാപിച്ചത് പൊലീസ് സംവിധാനങ്ങൾ വഴിയാണ്. അവലോകന യോഗങ്ങളിൽ കൃത്യമായ വിവരം നൽകാൻ ഇന്റലിജൻസിനായത് പ്ലാനിങ്ങിന് ഏറെ സഹായിച്ചു. കോസ്റ്റൽ പൊലീസുൾപ്പെടെ പൊലീസിന്റെ എല്ലാ വിഭാഗങ്ങളും നല്ലനിലയിൽ പ്രവർത്തിച്ചു. ദുരിതബാധിതർക്ക് അവശ്യസാധനങ്ങൾ ശേഖരിക്കുന്നതിനും ദുരിതാശ്വാസ ക്യാമ്പുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും പൊലീസിന് കഴിഞ്ഞു. മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിലും വലിയ പങ്കുവഹിച്ചു.

ഇത്തരം പ്രവർത്തനങ്ങൾ പൊലീസിനെക്കുറിച്ചുള്ള ധാരണയിലും വലിയ മാറ്റംവരുത്തി. പൂർണമായും ജനമൈത്രി പൊലീസ് എന്ന ധാരണ ജനങ്ങളിലുണ്ടാക്കാൻ ഈ പ്രവർത്തനം വഴിയൊരുക്കി. ഇത് പൊലീസിന്റെ അന്തസ്സുയർത്തി. പുനരധിവാസ പ്രവർത്തനങ്ങളിലും ശുചീകരണത്തിലും ഈ പങ്ക് തുടരണമെന്നും അദ്ദേഹം അഭ്യർഥിച്ചു.

സംസ്ഥാന പൊലീസ് മേധാവി ലോക്നാഥ് ബെഹ്റ റിപ്പോർട്ട് അവതരിപ്പിച്ചു. ആഭ്യന്തര സെക്രട്ടറി സുബ്രതോ ബിശ്വാസ്, മുഖ്യമന്ത്രിയുടെ പൊലീസ് ഉപദേഷ്ടാവ് രമൺശ്രീവാസ്തവ, മറ്റ് ഉന്നത പൊലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.